DHALL—INJURIOUS TO HEALTH—PARTICULARS OF

109. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ലോങ്ങ് ഡോൾ (Long Dhall) അൻറ് കേസരി ഡോൾ (Kesari Dhall) കൊച്ചിരാജ്യത്തു് വില്പന നടത്തുന്നതു പൊതുജനാരോഗ്യത്തിനു ഹാനികരമാണെന്നു കാണിച്ചു ഫിഷ് സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽനിന്നും മേലധികാരത്തിലേക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെന്നുവരുകിൽ എന്തുകൊണ്ടു്;

(സി) അതിനു പ്രത്യേക കാരണങ്ങളും വല്ലതുമുണ്ടോ;

(ഡി) അതിനു് എന്തു സമാധാനമാണു് ലഭിച്ചതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഉവ്വു്.

(ബി) ടി സാധനം ഉപയോഗിക്കുന്നതു പൊതുജനാരോഗ്യത്തിനു ഹാനികരമെന്നും ചില പ്രത്യേകതരം രോഗം ഈ സാധനത്തിന്റെ നിരന്തരമായ ഉപയോഗംകൊണ്ടു് ഉണ്ടാകുമെന്നും പൊതുജനാരോഗ്യവിദഗ്ധന്മാർ അഭിപ്രായപ്പെട്ടതനുസരിച്ചും അതേ കാരണങ്ങളാൽ മദിരാശി ഗവൺമെണ്ടു് ഈ സാധനത്തിന്റെ ഇറക്കുമതിയേയും വിൽപനയേയും നിയന്ത്രിച്ചിട്ടുള്ളതായി അറിവു് കിട്ടിയതുകൊണ്ടുമാണു് അങ്ങിനെ റിപ്പോർട്ടു ചെയ്തതു്.

(സി) മുകളിൽ (ബി) യുടെ ഉത്തരം നോക്കുക.

(ഡി) ടി സാധനം ഈ രാജ്യത്തു് ഇറക്കുമതി ചെയ്യുന്നതിനെ ഗവൺമെണ്ടു നിരോധിച്ചു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതു് പരിശോധിച്ച പൊതുജനാരോഗ്യവിദഗ്ധൻ മദ്രാസ്സിലുള്ള ആളോ, അതോ കൊച്ചിയിലുള്ള ആളോ?

Mr. K. Balakrishna Menon *(Minister for Food and Education)*: It is Dr. Abroyd, Nutrition Expert of the Government of India. ഇപ്പോൾ ഇതു നീലഗിരിയിലും ഉപയോഗിക്കുന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി. ഇതു് കൊച്ചിരാജ്യത്ത് എത്രകാലം ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതിനെപ്പറ്റി അറിയാമോ?

Mr. K. Balakrishna Menon *(Minister for Food and Education)*: I think it is better for me to read out the report itself.

Mr. President: This question is not about the report. What is the Hon'ble Member's question. If I understand a right, the Hon'ble Member's question is whether it is so dangerous to public health or not.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതു വളരെ കാലമായിട്ടു ഈ നാട്ടിൽ ഉപയോഗിച്ചു വന്നിട്ടുള്ളതാണു്. എന്നിട്ടു ആക്കും സുഖക്കേടുള്ളതായിട്ടു കണ്ടിട്ടില്ല. അതുകൊണ്ടു് എന്തൊരു പ്രത്യേക കാരണത്തിന്മേലാണു് ഇതു നിരത്തൽ ചെയ്യേണ്ടിവന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്.

Mr. K. Balakrishna Menon *(Minister for Food and Education)*: The Government of Madras contended that it is not conducive to the health of the general public and therefore they stopped the import. Naturally the Government of Cochin also thought it necessary to follow suit and stopped its import. We also sent it to the expert and it is his opinion that this thing should be stopped. Beyond this Government are not aware of anything. The Doctor has said that it is not good for the people and Government are not bound to go beyond his advice.

മിസ്റ്റർ എം. ഒ. തോമക്കുട്ടി; നമ്മുടെ രാജ്യത്തെ കാലസ്ഥിതിയിൽ ഇതു് ഉപയോഗിക്കുന്നതുകൊണ്ടു് ദോഷകരമായിട്ടെന്തെങ്കിലുമുണ്ടോയെന്നു് എതെങ്കിലും വിദഗ്ധന്മാർ നോക്കീട്ടുണ്ടോ? മദ്രാസ്സിലേയും, ഊട്ടിയിലേയും കെമിസ്റ്റുമാത്രം നോക്കിയാൽ പോരാ.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇവിടത്തെ പബ്ലിക്കു് ഹെൽത്തു് ഡയറക്ടറും ഈ അഭിപ്രായംതന്നെയാണുള്ളതു്.

മിസ്സിസ്സു് ടി. ഫ്രാൻസ്സിസ്സു്: ഈ രണ്ടുവിധത്തിലുള്ള പരിപ്പു് ഏതു രാജ്യത്തിൽനിന്നാണു് ഇറക്കുമതി ചെയ്യുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: യു. പി. യിൽനിന്നും, ബോംബെയിൽനിന്നുമാണ്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: മദ്രാസ്സിലൊഴികെ മറ്റു വല്ല രാജ്യങ്ങളിലും കൊടുക്കുന്നതായിട്ട് അറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: വേറെ കൊടുക്കുന്നില്ലെന്നാണ് എന്റെ അറിവ്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: ഇതു് ഇറക്കുമതിചെയ്യുന്ന യു. പി., ബോംബെ മുതലായ സ്ഥലങ്ങളിൽ ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തിനു് ഹാനികരമായിത്തീർന്നിട്ടുണ്ടോ എന്നതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education):* I do not know whether the people of those countries have become immune to this by constant use, but it cannot be the case here in Cochin.

COCHIN HOUSE AT NEW DELHI—LETTING OF

110. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ.—

(എ) ഡെൽഹിയിലുള്ള കൊച്ചിൻ ഹൌസ്സ് ആർക്കെങ്കിലും വാടകക്കു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ്;

(സി) പ്രതിവർഷം എന്തു വാടകക്കാണ്;

(ഡി) എത്രകാലത്തേക്കാണു കൊടുത്തിട്ടുള്ളതു;

(ഇ) മേൽപ്പറഞ്ഞതുപോലെ ചെയ്യുന്നതിനു് എന്താണു് വ്യവസ്ഥ;

(എഫ്) കൊച്ചി ഗവണ്മെന്റാവശ്യാർത്ഥം പോകുന്ന ഉദ്യോഗസ്ഥന്മാർക്കു ഡെൽഹിയിൽ ചെന്നാൽ അവിടെ താമസിക്കുന്നതിനു സൌകര്യമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉവ്.

(ബി) ഇൻറർ നാഷണൽ ലേബർ ഓഫീസ്സ് ഡയറക്ടർ.

(സി) രൂ. ൪ ൦ ൦ കു.

(ഡി) ഒന്നര കൊല്ലത്തേക്കു്.

(ഇ) വ്യവസ്ഥയൊന്നും ചെയ്തിട്ടില്ല.

(എഫ്) കൊച്ചിൻ ഹൌസ്സിനോടു് അനുബന്ധിക്കുന്ന വേറെ ഒരു കെട്ടിടത്തിൽ താമസസൌകര്യമുണ്ടു്.

DIGGING OF WELLS—INFORMATION REGARDING

111. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ. —

അധഃകൃത വകുപ്പിൽനിന്നു് ഇക്കൊല്ലം പുതിയ കിണറുകൾ കഴിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതു് പഞ്ചായത്തു ഡിപ്പാർട്ടുമെന്റുവഴിയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു് പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽനിന്നും ശരിയായിട്ടു നടത്തുന്നുണ്ടോയെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു് അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ ലാപ്സായി പോയിട്ടുള്ളതു് ഗവണ്മെന്റിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പോയിട്ടുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: കിണറുകൾ കഴിപ്പിക്കാത്തതായിട്ടുള്ള സ്ഥലങ്ങൾ ഏവിടെയാണെന്നുള്ളതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ വക പണികൾ അധഃകൃതഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ നേരിട്ടു നടത്തിക്കുവാൻ സാധിക്കുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly